പഞ്ചായത്ത് ഗ്രാമ വികസന വകുപ്പുകളുടെ സംയോജനം

14 [1098] ശ്രീ. ജോർജ് മസ്ക്രീൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ:

പഞ്ചായത്ത് ഗ്രാമവികസന വകുപ്പുകളെ സംയോജിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

സെക്രട്ടേറിയറ്റ് മാനുവൽ

15 [1099] ശ്രീ. എ. സി. ഷൺമുഖദാസ്:
,, കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലുള്ള സെക്രട്ടേറിയറ്റ് മാനുവൽ എന്നു മുതൽക്കാണ് നിലവിൽ വന്നത്?

ഉത്തരം

1957 ഏപ്രിൽ മാസം മുതൽ.

മലയോര വികസന അതോറിറ്റിക്കുവേണ്ടിയുള്ള ബഡ്ജറ്റ് വിഹിതം

16 [1109] ശ്രീ. കെ. പി. മമ്മു മാസ്റ്റർ:
ശ്രീമതി എൻ. കെ. രാധ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1992-93, 1993-94, 1994-95, 1995-96 എന്നീ ബഡ്ജറ്റുകളിൽ മലയോര വികസന അതോറിറ്റിക്കുവേണ്ടി നീക്കിവച്ച തുക എത്രവീതമെന്ന് വ്യക്തമാക്കുമോ;

(ബി) അതോറിറ്റിയുടെ രൂപീകരണത്തിന് നേരിടുന്ന കാലതാമസത്തിന്റെ കാരണം എന്തെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1992-93-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഇതിനായി 25 ലക്ഷം രൂപ നീക്കിവച്ചിരുന്നു. 1993-94-ലെ ബഡ്ജറ്റിൽ തുകയൊന്നും വകകൊള്ളിച്ചിരുന്നില്ല. 1994-95-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 1 കോടി രൂപ വകയിരുത്തുന്നതായി പറഞ്ഞിരുന്നെങ്കിലും ബഡ്ജറ്റിൽ തുകയൊന്നും വകകൊള്ളിച്ചിരുന്നുന്നില്ല. 1995-96-ലെ ബഡ്ജറ്റിൽ 1 കോടി രൂപ മലമ്പ്രദേശ വികസനത്തിനായി വകകൊള്ളിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മലയോര വികസന അതോറിറ്റി രൂപീകരിക്കുവാൻ മന്ത്രിസഭ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ വിവിധ വശങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുള്ള ശ്രീ. എം. എസ്. ജോസഫിന്റെ റിപ്പോർട്ട് കിട്ടിയാലുടൻ അതോറിറ്റി രൂപീകരിക്കും.

## പാസ്പോർട്ടിന്റെ കാലാവധി കഴിഞ്ഞിട്ടും സംസ്ഥാനത്ത് താമസിക്കുന്ന വിദേശികൾ

17 [1114] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാസ്പോർട്ടിന്റെ കാലാവധി കഴിഞ്ഞിട്ടും സംസ്ഥാനത്ത് താമസിക്കുന്ന എത്ര വിദേശികളുണ്ട്; അതിൽ പാക്കിസ്ഥാൻകാരെത്ര;

(ബി) ഇവരുടെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ആകെ 444 പേർ. അതിൽ 297 പേർ പാക്കിസ്ഥാൻകാരാണ്.

(ബി) ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | പാസ്പോർട്ടിന്റെ കാലാവധി കഴിഞ്ഞിട്ടും താമസിക്കുന്ന വിദേശികളുടെ ആകെ എണ്ണം | പാസ്പോർട്ടിന്റെ കാലാവധി കഴിഞ്ഞിട്ടും താമസിക്കുന്ന പാക്കിസ്ഥാൻകാരുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| തിരുവനന്തപുരം (റൂറൽ) | 2 | 1 |
| തിരുവനന്തപുരം (സിറ്റി) | ഇല്ല | ഇല്ല |
| കൊല്ലം | 12 | 3 |
| പത്തനംതിട്ട | 15 | ഇല്ല |
| കോട്ടയം | 4 | ഇല്ല |
| ഇടുക്കി | ഇല്ല | ഇല്ല |
| ആലപ്പുഴ | 2 | ഇല്ല |
| എറണാകുളം (റൂറൽ) | 1 | 1 |
| കൊച്ചി (സിറ്റി) | 5 | 1 |
| തൃശ്ശൂർ | 32 | 4 |
| പാലക്കാട് | 27 | 5 |
| മലപ്പുറം | 156 | 139 |
| കോഴിക്കോട് (റൂറൽ) | 42 | 16 |
| കോഴിക്കോട് (സിറ്റി) | 9 | 5 |
| വയനാട് | ഇല്ല | ഇല്ല |
| കണ്ണൂർ | 129 | 116 |
| കാസർകോഡ് | 8 | 6 |
| | 444 | 297 |

LIBRARY ARCHIVES Kerala Legislative Assembly